# ഖുര്‍ആനിലെ ഭൗതിക ദൃഷ്ടാന്തങ്ങള്‍

''ഭൂമിയില്‍ മുളക്കുന്ന സസ്യങ്ങളിലും ഇവരുടെ (മനുഷ്യരുടെ) തന്നെ വര്‍ഗത്തിലും ഇവര്‍ക്കറിഞ്ഞുകൂടാത്ത മറ്റെല്ലാ വര്‍ഗങ്ങളിലും ഇണകളെ സൃഷ്ടിച്ചവന്‍ എത്രയും പരിശുദ്ധനാകുന്നു.''

(ഖുര്‍ആന്‍ 36: 36)

## ഇണകള്‍

പ്രപഞ്ചത്തിലെ ഓരോ വസ്തുവിന്റെയും അടിസ്ഥാനഘടന നെഗറ്റീവും പോസിറ്റീവുമാകുന്നു. ഇവയുടെ പരസ്പര ബന്ധമാകുന്നു പുതിയവയുടെ ഉണ്മക്ക് കാരണം. ഈ ഇണചേര്‍ക്കല്‍ പ്രക്രിയ പ്രപഞ്ചഘടനയില്‍ ഇല്ലായിരുന്നുവെങ്കില്‍ ഇവിടെ പുതിയതൊന്നും ഉണ്ടാകുമായിരുന്നില്ല.

ഏത് വസ്തുവിനും പ്രപഞ്ചഘടനയില്‍ ഇണയുണ്ട്. മനുഷ്യന്‍, മൃഗങ്ങള്‍, നാല്‍കാലികള്‍, ഇഴജന്തുക്കള്‍, സസ്യങ്ങള്‍, നിര്‍ജീവപദാര്‍ഥങ്ങള്‍ തുടങ്ങി എല്ലാറ്റിന്റെയും ഉദ്ഭവവും നിലനില്‍പ്പും വര്‍ധനവും ഇണസിദ്ധാന്തത്തെ ആശ്രയിച്ചാണിരിക്കുന്നത്.

സസ്യങ്ങളിലും മറ്റു നിര്‍ജീവപദാര്‍ഥങ്ങളിലും ഇണകളെണ്ടെന്ന കാര്യം അടുത്ത കാലത്താണ് ശാസ്ത്രം മനസ്സിലാക്കിയത്. പ്രപഞ്ചപദാഥങ്ങളധികവും പരമാലക്കളുടെ വിവിധ സംയോജനങ്ങളുടെ ഫലമായാണുണ്ടായത്. അവയില്‍ പ്രധാനമാണ് ഇലക്ട്രോണും പ്രോട്ടോണും. പരമാണുവിനുള്ളില്‍ കണ്ടുപിടിക്കപ്പെട്ട എല്ലാ കണികകളും ഇണകളാണെന്നതാണ് വസ്തുത.

ഇവ്വിധം എല്ലാ വസ്തുക്കളില്‍നിന്നും ഇണകളെ സൃഷ്ടിച്ചു അവക്കിടയില്‍ പരസ്പരം പൊരുത്തവും സ്നേഹവും ഉണ്ടാക്കാന്‍ ഏകദൈവമല്ലാത്ത മറ്റൊരു ശക്തിക്കും സാധിക്കുകയില്ല.

മനുഷ്യരെസംബന്ധിച്ചിടത്തോളം ഇതില്‍ വലിയസ്ഥാനമുണ്ട്.സാമൂഹികമായി തുല്യപദവിയുള്ള ഒറ്റ വര്‍ഗമായും ശരീരികമായി വ്യത്യസ്ത തരത്തിലുത്തിലുള്ള ജോഡികളുമായാണ് ആണും പെണ്ണും സൃഷ്ടിക്കപ്പെട്ടത്. ഓരോന്നിന്റെയും ശരീരവും മനസ്സും മറ്റേതിനെ ഉള്‍ക്കൊള്ളുമാര്‍ അവര്‍ക്കിടയില്‍ സ്നേഹം ശക്തമായ വികാരമായി നിര്‍ണയിച്ചിരിക്കുന്നു. പരസ്പരം ആകര്‍ഷണമുണ്ടാകുമാറ് അവര്‍ക്കിടയില്‍ ശാരീരിക പ്രത്യേകതകളും ദൈവം നിശ്ചയിച്ചിട്ടുണ്ട്. ഈവക ഗുണങ്ങളോടു കൂടിയാണ് ഏത് കാലഘട്ടത്തിലും ദൈവം മനുഷ്യവര്‍ഗത്തെ സൃഷ്ടിച്ചിട്ടുള്ളത്. ഇത് യാദൃഛികമായ രീതിയല്ല. ദൈവത്തിന്റെ യുക്തിപൂര്‍ണമായ നടപടിയാകുന്നു. പുരുഷനും സ്ത്രീക്കുമിടയിലുള്ള പരസ്പര ആകര്‍ഷണത്തിലൂടെ അവര്‍ ഒന്നിക്കുകയും പരസ്പരം ശാന്തിയടയുകയും രണ്ടു പേരിലൂടെയും മനുഷ്യവര്‍ഗം നിലനില്‍ക്കുകയും ചെയ്യുകയെന്നതാണ് അതിലെ യുക്തി. അതിനായി പുരുഷന്റെ മനസ്സില്‍ സ്ത്രീയുടെ നേരെ ആകര്‍ഷണീയതയും സ്ത്രീയുടെ മനസ്സില്‍ പുരുഷനോട് ചേരാനുള്ള അഭിനിവേഷവും ദൈവം നിക്ഷേപ്പിച്ചു. ഈ മാനസികാവസ്ഥകളാണ് വര്‍ഗത്തെ ഉല്‍പാദിപ്പിക്കുന്നതിനും നാഗരികതയും സംസ്കാരവും കെട്ടിപ്പടുക്കാനും അവരെ സഹായിക്കുന്നത്. ഈ ആകര്‍ഷകത്വം അവര്‍ക്കിടയില്‍ ദൈവം രൂഢമൂലമാക്കിയിരുന്നില്ലെങ്കില്‍ മനുഷ്യവര്‍ഗം നിലനില്‍ക്കുമായിരുന്നില്ല.

**അബ്ദുല്‍ ജലീല്‍ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com